# വണ്ടൂർ ഗണിതം - എസ്.എസ്.എൽ.സി യൂണിറ്റ് ടെസ്റ്റ് 2021

**M1.11B** **സ്ഥിതിവിവരക്കണക്ക്** ആകെ മാർക്ക് : 15

സമയം : 30 മിനിട്ട്

1. ഒരു ക്ലാസ്സിലെ 12 കുട്ടികൾക്ക് ഇംഗ്ലീഷ് പരീക്ഷയിൽ കിട്ടിയ മാർക്കുകൾ താഴെക്കൊടുക്കുന്നു .

   20 , 22 , 24 , 26 , 28, 30 , 32 , 34 , 36 , 38 ,40 ,42

   മാർക്കിന്റെ മാധ്യം കാണുക ? ( 1 )

2. ഒരു സ്കൂളിലെ ആർട്സ് ക്ലബ്ബിലെ അംഗങ്ങൾ വരച്ചചിത്രങ്ങളുടെ എണ്ണങ്ങൾ താഴെ കൊടുക്കുന്നു .

   15 , 39 , 30 , 42 , 27 , 33 , 24 , 18 , 36 , 21

   a) എണ്ണത്തിന്റെ മാധ്യം കാണുക ?

   b) എണ്ണത്തിന്റെമധ്യമം കാണുക ? ( 3 )

3. ഒരു സ്ഥലത്ത് ഒരാഴ്ച പെയ്ത മഴയുടെ അളവുകൾ ( മില്ലീമീറ്ററിൽ) താഴെക്കൊടുക്കുന്നു

   35 , 31, 34 , 33 , 36 , 32, 30

   a) ആ ആഴ്ചയിൽ ആ സ്ഥലത്ത് പെയ്ത മഴയുടെ മാധ്യം കാണുക ?

   b) ആ ആഴ്ചയിൽ ആ സ്ഥലത്ത് പെയ്ത മഴയുടെ മധ്യമം കാണുക ? ( 3 )

4. ചുവടെയുള്ള പട്ടികയിൽ , ഒരു പ്രദേശത്തെ 35 കുടുംബങ്ങളെ മാസവരുമാനത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചിരിക്കുന്നു.

| മാസവരുമാനം (രൂപയിൽ) | കുടുംബങ്ങളുടെ എണ്ണം |
|---|---|
| 4500 | 3 |
| 5500 | 5 |
| 6500 | 9 |
| 7500 | 8 |
| 8500 | 6 |
| 9500 | 4 |

a) മാസവരുമാനം കൂടി വരുന്ന രീതിയിൽ കുടുംബങ്ങളെ ക്രമീകരിച്ചാൽ 10-)മത്തെ കുടുംബത്തിന്റെ മാസവരുമാനം എത്രയാണ് ?

b) മാസവരുമാനം കൂടി വരുന്ന രീതിയിൽ കുടുംബങ്ങളെ ക്രമീകരിച്ചാൽ , എത്രാമത്തെ കുടുംബത്തിന്റെ മാസവരുമാനമാണ് മധ്യമമായി വരുന്നത് ?

c) മധ്യമവരുമാനം കണ്ടുപിടിക്കുക ? ( 4 )

5. ഒരു തൊഴിൽശാലയിൽ പലതരം ജോലി ചെയ്യുന്നവരുടെ എണ്ണം ദിവസക്കൂലി അനുസരിച്ച് എഴുതിയ പട്ടിക ചുവടെ കൊടുക്കുന്നു.

| ദിവസക്കൂലി (രൂപയിൽ) | തൊഴിലാളികളുടെ എണ്ണം |
|---|---|
| 650 | 5 |
| 750 | 8 |
| 850 | 10 |
| 950 | 12 |
| 1050 | 11 |
| 1150 | 8 |
| 1250 | 6 |

a) ദിവസക്കൂലി കൂടി വരുന്ന രീതിയിൽ തൊഴിലാളികളെ ക്രമീകരിച്ചാൽ 20-) മത്തെ തൊഴിലാളിയുടെ ദിവസക്കൂലി എത്രയാണ് ?

b) ദിവസക്കൂലി കൂടി വരുന്ന രീതിയിൽ തൊഴിലാളികളെ ക്രമീകരിച്ചാൽ , എത്രാമത്തെ തൊഴിലാളിയുടെ ദിവസക്കൂലിയാണ് മധ്യമമായി വരുന്നത് ?

c) ദിവസക്കൂലിയുടെ മധ്യമം കണ്ടുപിടിക്കുക ? ( 4 )